# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **01.10.2022** മുതൽ **05.10.2022** വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 78/2022 | തീയ്യതി: 30/09/2022 |
|---|---|

### എ. പിന്നിട്ട ദിവസത്തെ നാല് കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 31.8 – 33.0 | 24.2 – 25.0 | 80 - 86 | 00 - 12 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 01-10-2022 | 02-10-2022 | 03-10-2022 | 04-10-2022 | 05-10-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 5 | 4 | 0.2 | 0.3 | 4 |
| കൂടിയ താപനില, °C | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 24 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 86 | 86 | 86 | 86 | 86 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 3 | 3 | 8 | 8 | 8 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 320 | 340 | 340 | 340 | 340 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 6 | 7 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **മിതമായ മഴ **** | | |
| | ഇരുപത്തിനാലു മണിക്കൂറിൽ 64.4 മില്ലി താഴെ വരെ മാത്രം തീവ്രതയുള്ള മിതമായ മഴ ലഭിക്കും. ഇടിമിന്നലിനും സാധ്യതയുണ്ട്<br>വിസ്തൃത മഴ പ്രവചനമനുസരിച്ച് അടുത്തയാഴ്ചയും മഴ ലഭിക്കാൻ സാധ്യതയുണ്ട്<br>ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. മഴയില്ലാത്ത ഇടവേളകളിൽ അധികരിച്ച ഉഷ്ണവും മഴ സമയത്ത് ശരാശരിയിൽ താഴ്ന്ന ഊഷ്മാവും അനുഭവപ്പെടും | | |
| **പൊതു നിർദ്ദേശങ്ങൾ** | ഉയർന്ന അന്തരീക്ഷ ആർദ്രത പൂപ്പൽ രോഗം പടരാൻ കാരണമാകും. തെങ്ങ്, കുരുമുളക് , ഇഞ്ചി , വാഴ എന്നീ വിളകൾക്ക് ചീച്ചൽ, വാട്ടം എന്നീ രോഗങ്ങൾ പടരുന്ന സാഹചര്യമാണ്. വ്യത്യസ്ത വിളകൾക്ക് താഴെ പറഞ്ഞത് പ്രകാരമുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക. | | |

| | | | |
|---|---|---|---|
| | വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. തോട്ടങ്ങളിൽ നല്ല നീർ വാർച്ച ഉറപ്പുവരുത്തുക.<br>കൃഷിയിടങ്ങളിൽ ആവശ്യത്തിന് നീർവാർച്ച ഉറപ്പാക്കുക. വാഴ തക്കാളി മുതലായ മൃദുകാണ്ഡ വിളകൾക്ക് താങ്ങുകാലുകൾ നൽകുക. ഇടിമിന്നലിനെ ശ്രദ്ധിക്കുക. | | |
| രണ്ടാം വിള (മുണ്ടകൻ)പാടം തയ്യാറാക്കുന്ന സമയം | മണ്ണിൽ ഇരുമ്പിന്റെ അംശം കൂടുതലായതുകൊണ്ട് മണ്ണിലെ പുളിരസം വർദ്ധിക്കുന്നതിനും നെല്ലിന്റെ വളർച്ച മുരടിക്കുന്നതിനും കാരണമാകുന്നു. മണ്ണ് പരിശോധിച്ചതിനു ശേഷം ആവശ്യമായ അളവിൽ കുമ്മായം/ഡോളമേയ്റ്റ് ചേർത്ത് കൊടുക്കണം. മണ്ണ് പരിശോധന സാധ്യമായില്ല എങ്കിൽ പറിച്ചു നടുന്നതിനു രണ്ടാഴ്ച മുൻപേ പാടത്തു രണ്ടു തവണ എങ്കിലും വെള്ളം കയറ്റി നന്നായി വാർത്തു കളയുക. അതിനു ശേഷം കുമ്മായം/ഡോളമേയ്റ്റ് സെന്റിന് 2കിലോ ഗ്രാം എന്ന തോതിൽ മണ്ണുമായി നന്നായി ചേർത്തിളക്കണം. പറിച്ചു നട്ടതിന് ശേഷം 30-40 ദിവസം കഴിയുമ്പോൾ വീണ്ടും മേൽപ്പറഞ്ഞ അളവിൽ പാടത്തു വിതറി കൊടുക്കേണ്ടതാണ്. പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനു ശേഷമേ പാടുള്ളു. നിലമൊരുക്കുന്ന സമയത്തു ചാണകം /കമ്പോസ്റ്റു, പച്ചില വളം എന്നിവ സെന്റിന് 20കിലോ ഗ്രാം എന്ന തോതിൽ ചേർത്ത് ഉഴുതു മറിക്കണം. | | |
| ശീത കാല പച്ചക്കറികൾ | നിലം നന്നായി ഉഴുതെടുക്കുക. മണ്ണ് പരിശോധിച്ചതിനു ശേഷം ആവശ്യമായ അളവിൽ കുമ്മായം/ഡോളമേയ്റ്റ് ചേർത്ത് കൊടുക്കണം. ഇത് മണ്ണിലെ അമ്ലത്വം ലഘൂകരിക്കുന്നതിനു പുറമെ മണ്ണ് ജന്യ രോഗങ്ങളെയും കീടങ്ങളെയും നിയന്ത്രിക്കുന്നതിന് സഹായകരമാകും. | | |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ<br> | ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. 1 % വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റർ വീതം) 2 മീറ്റർ ചുറ്റളവിൽ തെങ്ങിൻ തടത്തിൽ ഒഴിച്ച് കൊടുക്കുക.അല്ലെങ്കിൽ ഹെക്സകൊണാസോൾ/ കോൺടാഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 4 മാസ ഇടവേളകളിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം, എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക. |

| | | | |
|---|---|---|---|
| കുരുമുളക് | കായ്ക്കുന്ന സമയം | പൊള്ളു കീടവും രോഗവും  | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br>രോഗം കാണുകയാണെങ്കിൽ അഞ്ചു ലിറ്റർ വെള്ളത്തിനു ഹെക്സകൊണസോൾ കുമിൾ നാശിനി അഞ്ചു മില്ലിയും സൈഹാലോത്രിൻ മൂന്ന് മില്ലിയും വീതം ചേർത്ത് തയ്യാറാക്കിയ ലായനി തളിക്കുക |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്  | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. വണ്ടിന്റെ ആക്രമണത്തെ തുടർന്നുണ്ടായ ദ്വാരങ്ങളിൽ ഫിപ്രോനിൽ 0.015% (ഒരു ലിറ്ററിന് 3 മില്ലി എന്ന തോതിൽ) ഒഴിച്ച് കൊടുക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക |
| മാവ് | നഴ്സറി | തണ്ടുതുരപ്പൻ  | റോഗർ ( ഡൈമെത്തോയേറ്റ്) ഒരു ലിറ്ററിന് 3 മില്ലി എന്ന തോതിലും മാങ്കോസ്ബ് ലിറ്ററിന് 2 ഗ്രാം എന്ന തോതിലും ഒരുമിച്ച് തളിക്കുക |
| റബ്ബർ | വിവിധ ഘട്ടം | കട ചീയൽ (Collar rot) | രോഗം ബാധിച്ച മരങ്ങൾ നശിപ്പിക്കുക. ചുറ്റുമുള്ള മരങ്ങളുടെ തടത്തിൽ 0.3% വീര്യമുള്ള കോപ്പർ ഓക്സി ക്ലോറൈഡ് ലായനി കുതിർക്കുക. കൂടാതെ ഒരു കിലോ വീതം ഡോളമൈറ്റ് കൂടി തടത്തിൽ വിതറുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത് (ഉടൻ നടപടിയെടുക്കുക)** | **ജാഗ്രത (തയ്യാറാവുക)** | **ശ്രദ്ധ (കാതോർക്കുക)** | **നിസ്സാരം (നടപടികൾ ആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി